നവുണ്ടാകുന്നു. ഈ അവസരത്തിൽ ഉപഭോക്താവ് നേരത്തെ അടച്ചിട്ടുള്ള സെക്യൂരിറ്റി തുക നിയമപ്രകാരം അടയ്ക്കേണ്ടി വരുന്ന തുകയേക്കാൾ കുറവായിരിക്കും. ഈ അവലരത്തിൽ ഉപഭോക്താക്കൾ അവർ യഥാർത്ഥത്തിൽ അടയ്ക്കേണ്ടിയിരുന്ന തുകയിൽ വന്ന കുറവ് നികത്തുന്നതിനുവേണ്ടി അഡീഷണൽ സെക്യൂരിറ്റി തുകയായി ബാക്കി തുക അടയ്ക്കേണ്ടതായുണ്ട്.

(സി) താരീഫ് നിരക്ക് വർദ്ധിപ്പിക്കുമ്പോൾ സ്വാഭാവികമായി പ്രതിമാസ വൈദ്യുതി നിരക്ക് വർദ്ധിക്കുന്നതുകൊണ്ട് സെക്യൂരിറ്റി തുകയും വർദ്ധിക്കും.

(ഡി) ഇതിന് ഇപ്പോൾ വ്യവസ്ഥയില്ല. എന്നാൽ ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥ ആവശ്യമുണ്ടെങ്കിൽ അക്കാര്യം ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ പരിശോധിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

20 (*50) കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്ക് മുഖേനയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പ്രകാരം കർഷകർക്ക് വായ്പ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിപ്രകാരമുള്ള വായ്പയുടെ കാലാവധി എത്ര എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഇ) പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രൈമറി സംഘങ്ങൾ വഴി കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി നടപ്പിലാക്കുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

(ബി) കർഷകർക്ക് അവരുടെ കാർഷികാവശ്യങ്ങൾക്കുള്ള വിത്ത്, വളം, കീടനാശിനി, കാർഷികോപകരണങ്ങൾ മുതലായവ വാങ്ങുന്നതിനും മറ്റ് ഉല്പാദന ചെലവുകൾക്കും അവരവരുടെ കൈവശഭൂമിയുടെ അടിസ്ഥാനത്തിൽ വായ്പാ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണിത്. പണം എപ്പോൾ വേണമെങ്കിലും പിൻവലിക്കുവാനും നിക്ഷേപിക്കുവാനുമുള്ള സൗകര്യം ഈ പദ്ധതി അനുസരിച്ച് കാർഡ് ഉടമയ്ക്ക് ലഭ്യമാകുമെന്നുള്ളതാണ് പ്രത്യേകത.

LIBRARY ARCHIVES Kerala Legislative Assembly

(സി) കർഷകരുടെ ഹ്രസ്വകാല കാർഷികാവശ്യങ്ങൾ നിറവേറ്റുക എന്നതാണ് പ്രധാനമായും ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. 5,000 രൂപയും അതിനുമുകളിലും ഉല്പാദവായ്പക്ക് അർഹരായ കർഷകർ ഈ വായ്പയ്ക്കും അർഹമാണ്. വായ്പക്കുള്ള ഈട്, മാർജിൻ, പലിശനിരക്ക് എന്നിവ റിസർവ് ബാങ്ക് മാനദണ്ഡ പ്രകാരമായിരിക്കും.

(ഡി) വർഷാവർഷം പുന:പരിശോധനയ്ക്ക് വിധേയമായി 3 വർഷത്തേയ്ക്കാണ് കാർഡ് അനുവദിക്കുന്നത്. കാർഡ് മുഖേനയുള്ള ഓരോ പണമെടുക്കലും 12 മാസങ്ങൾക്കുള്ളിൽ തിരിച്ചടക്കണം.

(ഇ) പദ്ധതി ഓരോ ജില്ലയിലും പ്രാഥമിക സഹകരണസംഘങ്ങളിൽ കൂടി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാനത്തൊട്ടാകെ 1999 ഡിസംബർ 15 മുതൽ 2000 ജനുവരി 15 വരെയുള്ള കാലഘട്ടത്തിൽ ഒരു ലക്ഷം കാർഡുകൾ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

21 (*51) ജലശുചിത്വമിഷൻ

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. എ.കെ. മണി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ടി.എം. ജേക്കബ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണവുമായി ബന്ധപ്പെട്ട് ജലശുചിത്വമിഷൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഘടന എന്തെന്ന് അറിയിക്കുമോ;

(സി) ഈ മിഷന്റെ കർത്തവ്യങ്ങളും ചുമതലകളും എന്തൊക്കെയാണ്;

(ഡി) ഈ മിഷന് എന്തെല്ലാംതലത്തിൽ ഘടകങ്ങളുണ്ടായിരിക്കും;

(ഇ) ഈ ഘടകങ്ങളുടെ പ്രവർത്തനം വിശദീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ജലവിതരണവുമായി ബന്ധപ്പെട്ട് ജലശുചിത്വമിഷൻ രൂപീകരിച്ചിട്ടില്ല. എന്നാൽ 1998 ഡിസംബർ 30 ലെ.ജി.ഒ. (എംഎസ്) നമ്പർ 36/98/ഗ്രാ.വി.വ. പ്രകാരം സമ്പൂർണ്ണ ശുചിത്വ ആരോഗ്യമിഷൻ രൂപീകരിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സമ്പൂർണ്ണ ശുചിത്വാരോഗ്യമിഷന്റെ ഘടന താഴെപ്പറയുംപ്രകാരമാണ്;

പരിസരശുചിത്വ ആരോഗ്യമിഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ വിലയിരുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും സംസ്ഥാന മന്ത്രിസഭയുടെ ഒരു ഉപസമിതിയെ നിയോഗിക്കേണ്ടതും മന്ത്രിസഭ ഉപസമിതിയെ സഹായിക്കുന്നതിന് ബന്ധപ്പെട്ട ഗവൺമെന്റ് സെക്രട്ടറിമാരുടെ സമിതി രൂപീകരിക്കേണ്ടതുമാണ്. ജില്ലാ പഞ്ചായത്തു പ്രസിഡന്റ് അദ്ധ്യക്ഷനായും ജില്ലാ കളക്ടർ ഉപ അദ്ധ്യക്ഷനായും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനറായും ജില്ലാതല ശുചിത്വ ആരോഗ്യമിഷൻ രൂപീകരിക്കേണ്ടതാണ്. ബ്ലോക്കു

LIBRARY ARCHIVES Kerala Legislative Assembly